# ആദിവാസികൾ ഇന്നും അദൃശ്യരാണ്

അധികാര വികേന്ദ്രീകരണത്തെ വനംവകുപ്പ് ഭയപ്പെടുന്നുണ്ട്. എന്നാൽ ആദിവാസികളുമായി ആകെ ബന്ധം പുലർത്തുന്ന വകുപ്പ് എന്ന നിലയിൽ അവർക്ക് വനാവകാശ നിയമം യാഥാർത്ഥ്യമാക്കുന്നതിൽ ചില സാധ്യതകളുണ്ട്. പഞ്ചായത്തുകൾക്ക് പോലും അത്രയും സ്വാധീനം ആദിവാസികൾക്കിടയിലില്ല.

**ജ്യോതിസ് സത്യപാലൻ / കേരളീയം**

ഡോ. ജ്യോതിസ് സത്യപാലൻ ഹൈദരാബാദിലെ സെന്റർ ഫോർ ഇക്കണോമിക് ആന്റ് സോഷ്യൽ സ്റ്റഡീസിൽ (CESS) അസോസിയേറ്റ് പ്രൊഫസറാണ്. സാമ്പത്തികശാസ്ത്ര വിദഗ്ധനായ ഇദ്ദേഹം കേരളത്തിൽ വനാവകാശ നിയമം എങ്ങനെ നടപ്പിലാക്കുന്നു എന്നതിനെക്കുറിച്ച് വിശദമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്.

**വനാവകാശ നിയമത്തിന്റെ നടപ്പാക്കലുമായി നടത്തിയ ഗവേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമാണ്? ആദിവാസി ഭൂമി പ്രശ്നത്തിനും വനനശീകരണത്തിനും പരിഹാരമായി മാറുമോ ഈ നിയമം?**

വനാവകാശ നിയമത്തിൽ പ്രധാനമായും മൂന്ന് ഭാഗങ്ങളാണുള്ളത്. ആദിവാസികൾക്കും മറ്റ് പരമ്പരാഗത വനവാസികൾക്കുമുള്ള വ്യക്തിപരമായ അവകാശമാണ് അതിൽ പ്രധാനം. മറ്റൊന്ന് വനവിഭവങ്ങളുടെ മേലുള്ള അവകാശവും മൂന്നാമത്തേത് കമ്മ്യൂണിറ്റി റൈറ്റുമാണ്. ഒരു ഗോത്രത്തിന് അവരുടെ പരമ്പരാഗത ആവാസവ്യവസ്ഥയ്ക്ക് മേലുള്ള അവകാശമാണത്. ഈ അവകാശങ്ങൾ നേടിയെടുക്കണമെങ്കിൽ ഊരുക്കൂട്ടങ്ങളിലോ ഗ്രാമസഭകളിലോ രൂപീകരിക്കുന്ന വനാവകാശ കമ്മിറ്റി മുതൽ കളക്ടർ വരെ നീളുന്ന നീണ്ട നടപടിക്രമങ്ങളിലൂടെ കടന്നുപോകേണ്ടതുണ്ട്. ആ നടപടിക്രമങ്ങൾ കേരളത്തിൽ നേരെ നടന്നിട്ടില്ല. വനാവകാശ കമ്മിറ്റി പല സ്ഥലങ്ങളിലും രൂപീകരിച്ചിട്ടുണ്ട്. പക്ഷെ ആദിവാസികൾക്ക് പലർക്കും വനാവകാശ കമ്മിറ്റികളെക്കുറിച്ച് അറിയില്ല എന്നാണ് ഗവേഷണത്തിന്റെ ഭാഗമായി എനിക്ക് കാണാൻ കഴിഞ്ഞത്.

പല ഊരുകളിലുമുള്ള ആദിവാസികൾ വനാവകാശ കമ്മിറ്റി മീറ്റിംഗുകളിൽ പോയിട്ടില്ല. വനാവകാശ നിയമത്തെക്കുറിച്ചും അതിന്റെ സാധ്യതകളെക്കുറിച്ചും അറിയാവുന്നവരും ചുരുക്കമാണ്. വനഭൂമിയുടെ മേൽ അവർക്കുള്ള പരമ്പരാഗത അവകാശം എങ്ങനെ സ്ഥാപിക്കണമെന്ന് ബോധ്യമില്ലാത്തവരാണ് അധികവും. മിക്ക ഊരുക്കൂട്ടങ്ങൾക്കും കമ്മ്യൂണിറ്റി റൈറ്റ് എന്താണെന്നോ, അത് എങ്ങനെ സ്ഥാപിക്കാമെന്നോ അറിയില്ല. സബ്ഡിവിഷണൽ ലെവൽ കമ്മിറ്റിയിലും ജില്ലാ തലത്തിലുമുള്ള ഉദ്യോഗസ്ഥർക്ക് ആദിവാസി വനാവകാശ നിയമത്തോടുള്ള താത്പര്യമില്ലായ്മ കാരണം ആദിവാസികൾ അവരുടെ അവകാശങ്ങളെക്കുറിച്ച് അറിയാതെ പോവുകയാണ്. വനാവകാശം നിർണ്ണയിക്കുന്നതിനായി നടപ്പിൽ വരുത്തിയിട്ടുള്ള പല തലങ്ങളിലെ കമ്മിറ്റികൾക്കിടയിൽ നിലനിൽക്കുന്ന ഏകോപനമില്ലായ്മയാണ് കേരളത്തിൽ നിയമം ശരിയായ അർത്ഥത്തിൽ യാഥാർത്ഥ്യ

മാകാത്തതിന് കാരണം. വനാവകാശം സ്ഥാപിച്ചെടുത്ത പല ആദിവാസി ഗ്രൂപ്പുകളും പുറമെ നിന്നുള്ളവരുടെ സഹായം കൊണ്ടാണ് അത് സാധ്യമാക്കിയത്. കിർത്താട്സ് (Kerala Institute for Research, Training and Development Studies of Scheduled Castes and Tribes - KIRTADS) പരിശീലനം നൽകിയ പല വോളണ്ടിയർമാരും വനാവകാശ നിയമം യാഥാർത്ഥ്യമാക്കാൻ പല ആദിവാസി ഊരുകളെയും സഹായിച്ചിട്ടുണ്ട്. അത്തരം എന്തെങ്കിലും ഇടപെടലുകളില്ലാത്ത സ്ഥലങ്ങളിലെയെല്ലാം സ്ഥിതി അതീവ ദയനീയമാണ്.

**ആദിവാസികളുടെ ഈ പിന്നോക്കാവസ്ഥ നിയമത്തിൽ എവിടെയെങ്കിലും പരിഗണിക്കപ്പെട്ടിട്ടുണ്ടോ? വനം വകുപ്പിന്റെ സമീപനം എന്തായിരുന്നു? വനാവകാശ നിയമം യാഥാർത്ഥ്യമാക്കാൻ അവർ ശ്രമിക്കുന്നുണ്ടോ?**

വനാവകാശ നിയമം അത്തരമൊരു പ്രശ്നം പരിഗണിച്ചിട്ടില്ല. പക്ഷെ വനം വകുപ്പ് ഒട്ടും താത്പര്യമെടുത്തില്ല എന്ന് പറയാൻ കഴിയില്ല. എന്റെ അനുഭവത്തിൽ ഏറ്റവും കൂടുതൽ ആദിവാസികൾ വനാവകാശ നിയമത്തെക്കുറിച്ച് അറിഞ്ഞത് വനം വകുപ്പിൽ നിന്നാണ്. പങ്കാളിത്ത വനപരിപാലന പരിപാടിയാണ് അതിന് സാഹചര്യമൊരുക്കിയത്. പങ്കാളിത്ത വനപരിപാലന പരിപാടിയുടെ ഭാഗമായുള്ള വിവിധ പദ്ധതികളിലൂടെ വനംവകുപ്പ് ആദിവാസികളുമായി കൂടുതൽ അടുത്തിരുന്നു. വനസംരക്ഷണ പ്രവർത്തനങ്ങളിൽ ആദിവാസികളെക്കൂടി പങ്കാളികളാക്കാൻ പല സ്ഥലങ്ങളിലും ആത്മാർത്ഥമായ ശ്രമം വനം വകുപ്പിന്റെ ഭാഗത്ത് നിന്നുമുണ്ടായി. വനം വകുപ്പിന്റെ പരമ്പരാഗതമായ പരുക്കൻ രീതിക്ക് മാറ്റം വന്നു. അതോടെ ആദിവാസികളും അവരോട് നല്ലരീതിയിൽ സഹകരിക്കാൻ തുടങ്ങി. അങ്ങനെ വികസിച്ച ബന്ധം പലയിടങ്ങളിലും വനാവകാശ നിയമത്തെക്കുറിച്ച് ആദിവാസികൾ വനംവകുപ്പിൽ നിന്നും അറിയുന്നതിന് കാരണമായിട്ടുണ്ട്.

താഴെതട്ടിൽ പ്രവർത്തിക്കുന്ന വാച്ചർമാരുടെയും ഗാർഡുമാരുടെയും ഭാഗത്ത് നിന്നുമാണ് അത്തരത്തിലുള്ള ശ്രമമുണ്ടായിട്ടുള്ളത്. അവരാണ് ആദിവാസികളോട് ചേർന്ന് നിന്ന് പ്രവർത്തിക്കുന്നത്. പക്ഷെ വനാവകാശ നിയമം യാഥാർത്ഥ്യമായാൽ അത് ഫോറസ്റ്റ് അഡ്മിനിസ്ട്രേഷനെ ബാധിക്കുമെന്നും വനത്തിന്റെ അധികാരം വനംവകുപ്പിൽ തന്നെ കേന്ദ്രീകരിക്കുന്നതാണ് നല്ലതെന്നും വിശ്വസിക്കുന്ന ഒരുപാട് പേർ ഉയർന്ന തലത്തിലുണ്ട്. അതുകൊണ്ട് വനംവകുപ്പിന് പൂർണ്ണമായും വനാവകാശ നിയമം നടപ്പിലാക്കാൻ താത്പര്യമുണ്ടെന്ന് പറയുന്നത് ശരിയല്ല. അധികാര വികേന്ദ്രീകരണത്തെ വനംവകുപ്പ് ഭയപ്പെടുന്നുണ്ട്. എന്നാൽ ആദിവാസികളുമായി ആകെ ബന്ധം പുലർത്തുന്ന വകുപ്പ് എന്ന നിലയിൽ അവർക്ക് വനാവകാശ നിയമം യാഥാർത്ഥ്യമാക്കുന്നതിൽ ചില സാധ്യതകളുണ്ട്. പഞ്ചായത്തുകൾക്ക് പോലും അത്രയും സ്വാധീനം ആദിവാസികൾക്കിടയിലില്ല.

**ആദിവാസി ഊരുക്കൂട്ടങ്ങൾക്ക് വനാവകാശ നിയമത്തെക്കുറിച്ച് ധാരണയുള്ളതായി കണ്ടിട്ടുണ്ടോ?**

നല്ല രീതിയിൽ നടക്കുന്ന ചില ഊരുക്കൂട്ടങ്ങൾക്ക് ധാരണയുണ്ട്. പക്ഷെ അത്തരം ഊരുക്കൂട്ടങ്ങൾ വളരെ ചുരുക്കമാണ്. എന്റെ പഠനത്തിന്റെ ഭാഗമായി തിരുവനന്തപുരത്തെ കാണിക്കാർക്കിടയിലും വയനാട്ടിലെ ചില ആദിവാസി ഗ്രൂപ്പുകളിലും മാത്രമാണ് വനാവകാശ നിയമത്തെക്കുറിച്ചും അത് നടപ്പിലാക്കേണ്ടത് എങ്ങനെയെന്നും അറിയാവുന്ന ഊരുക്കൂട്ടങ്ങളെ കാണാൻ കഴിഞ്ഞത്. മറ്റ് സ്ഥലങ്ങളിലൊന്നും വനാവകാശ കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടിട്ടില്ല. കമ്മ്യൂണിറ്റി റൈറ്റിനെക്കുറിച്ച് ചർച്ച ചെയ്തിട്ടില്ല. ചോലനായ്ക്കർ പോലെയുള്ള അലഞ്ഞുതിരിയുന്ന ആദിവാസി വിഭാഗങ്ങൾക്ക് വനാവകാശ നിയമത്തെക്കുറിച്ച് അറിയില്ല എന്നുമാത്രമല്ല, പരമ്പരാഗതമായി ഉപയോഗിക്കുന്ന വനഭൂമി ഏതെന്ന് കണ്ടെത്തി, കമ്മ്യൂണിറ്റി അവകാശം അവർക്ക് സ്ഥാപിച്ചെടുക്കാൻ കഴിയണമെന്നുമില്ല. വനാവകാശ നിയമത്തിന്റെ നടപ്പിലാക്കലുമായി ബന്ധപ്പെട്ട് ഗൗരവമായി ചർച്ച ചെയ്യേണ്ട വിഷയങ്ങളാണിവ.

**പൊതുവിഭവങ്ങൾ സംരക്ഷിക്കാൻ അവയെ ആശ്രയിക്കുന്ന സമൂഹം ഒരു പോലെ ബാധ്യസ്ഥരാണ് എന്ന ചിന്ത വനാവകാശ നിയമം ആദിവാസികൾക്കിടയിൽ സൃഷ്ടിക്കുമോ? വനം പൊതുവിഭവമായി സംരക്ഷിക്കേണ്ടത് അതിനെ ആശ്രയിക്കുന്നവരാണ് എന്നത് വനം വകുപ്പ് ബലപ്രയോഗത്തിലൂടെ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനേക്കാൾ സാധ്യതയുള്ള കാര്യമല്ലേ?**

പൊതുവിഭവം എത്രത്തോളം സംരക്ഷിക്കാൻ താത്പര്യപ്പെടുന്നു എന്നത് അതിനോടുള്ള നമ്മുടെ ആശ്രയത്വത്തിന് അനുസരിച്ചാണ്. വെള്ളം വളരെ കുറവുള്ള പ്ര

ദേശത്ത് ആളുകൾ എപ്പോഴും കുളങ്ങൾ വളരെ വൃത്തിയായി സംരക്ഷിക്കും. എല്ലാവരും ഉപയോഗിക്കുന്ന കുളം എല്ലാവരും ചേർന്ന് സംരക്ഷിക്കും. വെള്ളം സമൃദ്ധമായ സ്ഥലത്ത് പൊതുകുളം അതേപോലെ സംരക്ഷിക്കപ്പെടണമെന്നില്ല. അതുപോലെ കന്നുകാലികളെ മേയ്ക്കുന്ന പൊതുവായ പുൽത്തകിടികൾ പൊതുവിഭവമെന്ന നിലയിൽ സംരക്ഷിക്കുന്ന സ്ഥലങ്ങളുണ്ട്. എല്ലാവരുടെയും കന്നുകാലികൾ പൊതുവായ സ്ഥലത്തായിരിക്കും മേയുന്നത്. പക്ഷെ അവിടെയുള്ള പ്രശ്നം, അതേ പ്രദേശത്തുള്ള കന്നുകാലികളില്ലാത്തവർക്ക് പുൽത്തകിടി സംരക്ഷിക്കാൻ അതേ താത്പര്യമുണ്ടാകണമെന്നില്ല. അത്തരം സ്ഥലങ്ങൾ ഉത്തരേന്ത്യയിൽ ധാരളമുണ്ട്. വനാവകാശ

> കമ്മ്യൂണിറ്റി റൈറ്റ് നടപ്പിലാക്കാത്തതിനാൽ ആദിവാസികൾ പൊതുവിഭവം എന്ന നിലയിൽ വനത്തിന്റെ സംരക്ഷണത്തെക്കുറിച്ച് ചിന്തിച്ച് തുടങ്ങിയിട്ടില്ല. കമ്മ്യൂണിറ്റി റൈറ്റിന് അത്തരമൊരു കാഴ്ചപ്പാട് ഉണ്ടാക്കാൻ കഴിയും. പങ്കാളിത്ത വനപരിപാലന പരിപാടിക്ക് അത്തരമൊരു പൊതു കാഴ്ചപ്പാട് ആദിവാസികൾക്കിടയിൽ രൂപപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്

നിയമത്തിന്റെ കാര്യത്തിലാണെങ്കിൽ കമ്മ്യൂണിറ്റി റൈറ്റ് നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ ആദിവാസികൾ പൊതുവിഭവം എന്ന നിലയിൽ വനത്തിന്റെ സംരക്ഷണത്തെക്കുറിച്ച് ചിന്തിച്ച് തുടങ്ങിയിട്ടില്ല. കമ്മ്യൂണിറ്റി റൈറ്റിന് അത്തരമൊരു കാഴ്ചപ്പാട് ഉണ്ടാക്കാൻ കഴിയും. പങ്കാളിത്ത വനപരിപാലന പരിപാടിക്ക് അത്തരമൊരു പൊതു കാഴ്ചപ്പാട് ആദിവാസികൾക്കിടയിൽ രൂപപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. തടിയേതര വനവിഭവങ്ങളുടെ ശേഖരണത്തിലൂടെയാണ് അതിന് സാധിച്ചത്. തടിയേതര വനവിഭവങ്ങൾ ശേഖരിച്ച് ആദിവാസികളുടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലൂടെ വിൽക്കുന്നതിലൂടെ ആദിവാസികൾക്ക് സ്ഥിരമായ ഒരു വരുമാനം കിട്ടിത്തുടങ്ങി. തടിയേതര വനവിഭവങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് അങ്ങനെ അവരുടെ ആവശ്യമായിമാറി. അവയുടെ സംരക്ഷണത്തിനായി അവർ മുന്നോട്ടുവന്നു. പൊതുവിഭവം എന്ന നിലയിൽ വനം സംരക്ഷിക്കപ്പെടുന്നതിന് ഉദാഹരണമാണത്.

പക്ഷെ പല സ്ഥലങ്ങളിലും ആദിവാസി സൊസൈറ്റികൾ ആദിവാസി ചൂഷകരായി മാറുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. തടിയേതര വനവിഭവങ്ങളുടെയെല്ലാം ഉടമസ്ഥരായി വനംവകുപ്പ് തുടരുകയാണ്. ആദിവാസികൾ വിഭവങ്ങൾ ശേഖരിക്കുന്നവർ മാത്രമായാണ് പരിഗണിക്കപ്പെടുന്നത്. 354 തടിയേതര വനവിഭവം കേരളത്തിലെ വനങ്ങളിൽ നിന്നും ശേഖരിക്കുന്നുണ്ടെന്നാണ് സർക്കാർ കണക്ക്. എന്റെ അറിവിൽ 400ൽ അധികമുണ്ട്. അത്രയും വലിയ ശേഖരത്തിന്റെ ഉടമയായി വനം വകുപ്പ് തുടരുകയാണ്. അതിന്റെ ശരിക്കുള്ള ഉടമസ്ഥരായ വനവാസികൾ കേവലം വിഭവങ്ങൾ ശേഖരിക്കുന്നവരായി മാത്രം പരിഗണിക്കപ്പെടുകയും ചെയ്യുന്നു. വനാവകാശ നിയമം ആ ഉടമസ്ഥാവകാശത്തെ മാറ്റിത്തീർക്കുന്നു. വർഷങ്ങളായി വനവിഭവങ്ങൾ ഉപയോഗിക്കുന്ന ആദിവാസികൾ തന്നെ അതിന്റെ ഉടമസ്ഥരായി മാറുന്നു.

**സ്പെക്ട്രം, കൽക്കരി തുടങ്ങിയ സമീപകാല കുംഭകോണ കേസുകളിൽ കാണാൻ കഴിഞ്ഞത് പൊതുവിഭവങ്ങൾക്ക് മേൽ കോർപ്പറേറ്റുകൾ കുത്തകാധികാരം സ്ഥാപിക്കുന്നതിൽ സർക്കാർ അവർക്ക് ഒത്താശചെയ്യുന്നതായാണ്. വനാവകാശ നിയമം പോലെയുള്ള, വിഭവങ്ങൾക്ക് മേലുള്ള അധികാരം തദ്ദേശീയ ജനതയ്ക്ക് നൽകുന്ന നിയമങ്ങൾ കോർപ്പറേറ്റ് കൊള്ളയ്ക്ക് തടയിടുമോ?**

കോർപ്പറേറ്റ് കൊള്ളയ്ക്ക് പരിഹാരം എന്ന നിലയിലല്ല വനാവകാശ നിയമം നിലവിൽ വന്നത്. ചരിത്രപരമായി നിലനിൽക്കുന്ന അനീതി തിരുത്തപ്പെടുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം. അതായത് ആദിവാസികൾക്ക് ഭൂമിയിന്മേൽ അവകാശം നൽകി, അവരുടെ ജീവിതം മെച്ചപ്പെടുത്തുക. അവർക്ക് ഉപജീവനമാർഗ്ഗം ഉറപ്പുവരുത്തുക. ചുരുക്കത്തിൽ ആദിവാസികളുടെ അവകാശങ്ങൾ നിർണ്ണയിക്കുന്നതിലൂടെ അവരുടെ ക്ഷേമം ഉറപ്പാക്കുക എന്നതാണ് വനാവകാശ നിയമം മുഖ്യമായും ഉദ്ദേശിക്കുന്നത്. കോർപ്പറേറ്റ് കൊള്ള തടയുക എന്നത് അതിന്റെ ലക്ഷ്യങ്ങളിൽ ഇല്ലായിരുന്നെങ്കിലും പോസ്കോ പോലെ പൊതുവിഭവങ്ങൾ സംരക്ഷിക്കുന്നതിനായി ആദിവാസികളുടെ മുൻകൈയിൽ നടന്ന സമരങ്ങളിൽ വനാവകാശ നിയമത്തിന്റെ അത്തരം സാധ്യതകൾ നാം കണ്ടറിഞ്ഞതാണ്. വനാവകാശ നിയമം ആദ്യം പറയുന്നതുതന്നെ വനത്തിലുള്ള ആദിവാസികളുടെ അവകാശം ഉറപ്പാക്കുക എന്നാണ്. എന്തെങ്കിലും കാരണ

⇨ *കാര്യങ്ങൾ ബോധ്യമാകുന്നുണ്ടെങ്കിലും രാഷ്ട്രീയ നയങ്ങളിൽ അവ പ്രതിഫലിക്കുന്നില്ല* ⇨



ഫോട്ടോ: സന്ദീപ്ദാസ്

ത്താൽ വനഭൂമിയിൽ നിന്നും ഒഴിപ്പിക്കപ്പെടുകയാണെങ്കിൽ പോലും അവർ താമസിച്ചിരുന്ന സ്ഥലത്തിന് മേലുള്ള അവരുടെ അവകാശം ഉറപ്പാക്കിയതിന് ശേഷം മാത്രമെ ഒഴിപ്പിക്കൽ നടത്താവൂ എന്നാണ് വനാവകാശ നിയമം പറയുന്നത്. ഏകപക്ഷീയമായ ഒഴിപ്പിക്കലുകൾ അതോടെ ഇല്ലാതെയാകും. ആദിവാസികളുടെ അനുവാദമില്ലാതെ അവരുടെ സ്ഥലത്ത് നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല.

കോർപ്പറേറ്റ് കൊള്ളയ്ക്ക് കാരണം നാം പിന്തുടരുന്ന വികസന കാഴ്ചപ്പാട് കൂടിയാണ്. വികസിച്ചുകൊണ്ടേയിരിക്കുന്ന ഒരു രാജ്യത്തിന് കൂടുതൽ വിഭവങ്ങൾ അതിനായി വേണ്ടിവരും. കൂടുതൽ കൽക്കരിയെടുക്കേണ്ടിവരും, കൂടുതൽ ഡാമുകൾ കെട്ടേണ്ടിവരും. അപ്പോഴെല്ലാം കുടിയൊഴിപ്പിക്കലും പുനരധിവാസവും ഒരു പ്രശ്നമായി മാറും. അതുകൊണ്ടുണ്ടാകുന്ന സാമൂഹിക നഷ്ടങ്ങൾ പലപ്പോഴും വികസന പദ്ധതിയുടെ കണക്കുകളിൽ ഉൾപ്പെടുത്താറില്ല. എപ്പോഴും ആദിവാസികൾ ഉൾപ്പെടെയുള്ള ദുർബല വിഭാഗങ്ങൾ കുടിയൊഴിപ്പിക്കപ്പെടുകയും പുനരധിവസിപ്പിക്കപ്പെടാതിരിക്കുകയും ചെയ്യുക എന്നതാണ് വികസനം നേരിടുന്ന പ്രധാന പ്രതിസന്ധി. സ്വകാര്യ തുറമുഖങ്ങൾ പണിയുന്നതിനായി ഇന്ത്യയുടെ തീരങ്ങളിൽ വൻതോതിൽ കുടിയൊഴിപ്പിക്കലുകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഗുജറാത്ത് തീരത്ത് അധാനിയുടെയും റിലയൻസിന്റെയും ഷെല്ലിന്റെ തുറമുഖങ്ങൾക്കായി വൻ തോതിലുള്ള കുടിയൊഴിപ്പിക്കലാണ് നടന്നത്. കടലിനെ മാത്രം ആശ്രയിച്ച് കഴിയുന്ന മത്സ്യതൊഴിലാളികളാണ് കുടിയൊഴിപ്പിക്കപ്പെടുന്നത്. ഇത്രയും നഷ്ടങ്ങൾ സൃഷ്ടിച്ചുകൊണ്ടുവരുന്ന വികസന പദ്ധതികൾ പ്രഖ്യാപിത ലക്ഷ്യങ്ങൾ നേടിയ ചരിത്രവും നമുക്കില്ല. വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് മുമ്പ് പാരിസ്ഥിതിക ആഘാത പഠനം നടത്തുന്നതുപോലെ സാമൂഹിക നഷ്ടങ്ങൾ കണക്കാക്കുന്നതിനുള്ള ഒരു പഠനവും നടത്തേണ്ടതുണ്ട്. നർമ്മദ പോലെയുള്ള ജനകീയസമരങ്ങൾ അത്തരം സാമൂഹിക ആഘാതങ്ങളുടെ മൂല്യം കണക്കാക്കേണ്ടതിന്റെ പ്രാധാന്യം നമ്മെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. എന്നിട്ടും അത്തരമൊരു നീക്കം ഉണ്ടായിട്ടില്ല.

ഭരണകൂടത്തിന്റെ നയങ്ങളിലും ആ രീതിയിലുള്ള മാറ്റമുണ്ടാകുന്നില്ല. ഉദാഹരണത്തിന് സൈലന്റ്‌വാലി സമരകാലത്ത് സിംഹവാലൻ കുരങ്ങിന്റെ വംശം നശിച്ചുപോകും എന്നത് ഒരു പ്രധാന പ്രശ്നമായി പരിസ്ഥിതി പ്രവർത്തകർ ഉന്നയിച്ചിരുന്നു. വംശനാശം നേരിടുന്ന ജീവവർഗ്ഗത്തെ സംരക്ഷിക്കുന്നതിന്റെ പ്രധാന്യത്തെക്കുറിച്ച് സൈലന്റ്‌വാലി സമരം നമ്മെ ബോധ്യപ്പെടുത്തി. എന്നിട്ടും പിന്നീട് പുതിയ പ്രോജക്ടുകൾ സർക്കാർ മുന്നോട്ട് വയ്ക്കുമ്പോൾ ആ വിഷയം പരിഗണിക്കപ്പെടുന്നതേയില്ല. കാര്യങ്ങൾ ബോധ്യമാകുന്നുണ്ടെങ്കിലും രാഷ്ട്രീ

യ നയങ്ങളിൽ അവ പ്രതിഫലിക്കുന്നില്ല. വംശനാശ ഭീഷണി നേരിടുന്ന സസ്യ-ജന്തുജാലങ്ങളെ സംരക്ഷിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങൾ നടത്തിയാൽ മതി എന്നൊരു നയം ഇവിടെയുണ്ടായില്ല. അതുകൊണ്ട് വീണ്ടും അത്തരം പദ്ധതികൾ വരുമ്പോൾ നമ്മൾ സമരം ചെയ്യേണ്ട സ്ഥിതിവിശേഷമാണുള്ളത്. അങ്ങനെ സമരം ചെയ്യുന്നത് അത്ര സുഖമുള്ള കാര്യമല്ലല്ലോ. പ്ലാച്ചിമടയിൽ കൊക്കക്കോള മുടക്കിയ മുതലിനേക്കാൾ എത്രയോ അധികമായിരിക്കും ജനങ്ങൾ സമരം ചെയ്യുന്നതിനായി നടത്തിയ നിക്ഷേപം. നമ്മൾ വലിയ വിലകൊടുത്തിട്ടും സർക്കാർ നയങ്ങളിൽ മാറ്റമുണ്ടാകുന്നില്ല എന്നതാണ് മറ്റൊരു പ്രതിസന്ധി.

**പശ്ചിമഘട്ടവുമായി ബന്ധപ്പെട്ട പഠനങ്ങളിലേക്ക് താങ്കൾ എത്തിച്ചേരുന്നത് എങ്ങനെയാണ്? എവിടെയാണ് തുടക്കം?**

പഠനത്തിനായി തിരഞ്ഞെടുത്തപ്പോൾ മാത്രമല്ല പശ്ചിമഘട്ടത്തെക്കുറിച്ചുള്ള എന്റെ അറിവുകൾ ആരംഭിക്കുന്നത്. എരുമേലി സ്വദേശിയായ ഞാൻ പശ്ചിമഘട്ടത്തിലെ

> പ്ലാച്ചിമടയിൽ കൊക്കക്കോള മുടക്കിയ മുതലിനേക്കാൾ എത്രയോ അധികമായിരിക്കും ജനങ്ങൾ സമരം ചെയ്യുന്നതിനായി നടത്തിയ നിക്ഷേപം. നമ്മൾ വിലകൊടുത്തിട്ടും സർക്കാർ നയങ്ങളിൽ മാറ്റമുണ്ടാകുന്നില്ല എന്നതാണ് മറ്റൊരു പ്രതിസന്ധി

കാടുകളോട് ചേർന്നുകിടക്കുന്ന സ്ഥലത്താണ് ബാല്യവും കൗമാരവും കഴിച്ചുകൂട്ടിയത്. അന്ന് പരിചയപ്പെട്ടതാണ് കാടിനെ. പിന്നീടുള്ള അക്കാദമിക് പഠനങ്ങളെ ആ അറിവ് വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. പെരിയാർ കടുവാ സങ്കേതത്തിലാണ് എന്റെ ഔദ്യോഗിക പഠനങ്ങൾ തുടങ്ങുന്നത്. സംരക്ഷിത വനമേഖലയിലെ വനപരിപാലനത്തെക്കുറിച്ചുള്ള പഠനമായിരുന്നു അത്.

ഇക്കോ ഡെവലപ്മെന്റ് പരിപാടിയുടെ ഭാഗമായി ഇന്ത്യയിലെ തെരഞ്ഞെടുക്കപ്പെട്ട അഞ്ച് സാങ്ചറികളിൽ ഒന്നായി പെരിയാറും മാറിയ സമയത്താണ് ഞാൻ പഠനത്തിനായെത്തുന്നത്. 1996ൽ ആണത്. ഇക്കോ ഡെവലപ്മെന്റ് പരിപാടിയെ നന്നായി സ്വീകരിച്ച സ്ഥലമാണ് പെരിയാർ കടുവാ സങ്കേതം. സംരക്ഷിത വനപ്രദേശത്തിന്റെ പരിരക്ഷണം പ്രാദേശിക സമൂഹത്തിന്റെ പങ്കാളിത്തത്തോടെ എങ്ങനെ നടത്താം എന്നതിന് നല്ല ശ്രമം അന്നവിടെയുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുമുണ്ടായി. പെരിയാർ പങ്കാളിത്ത വനപരിപാലനത്തിൽ ഒരു മാതൃകയായി മാറി. വി.കെ. ഉണ്ണ്യാലാണ് അന്ന് അവിടെ ഫീൽഡ് ഓഫീസർ. അദ്ദേഹം എന്റെ പഠനത്തെ നന്നായി പിന്തുണച്ചു. മറ്റ് പല ഉദ്യോഗസ്ഥരുടെയും സമീപനം മോശമായിരുന്നു. ഗവേഷണം നടത്തിയിട്ടൊന്നും കാര്യമില്ലെന്ന് പറഞ്ഞ് പല ഉദ്യോഗസ്ഥരും എന്നെ നിരുത്സാഹപ്പെടുത്തി. ഗവേഷണത്തിന്റെ പ്രധാന്യം അവർ തിരിച്ചറിയുന്നില്ല. വനം അവരുടേത് മാത്രമാണെന്നും അവർ അവിടെ ആ കസേരയിലിരിക്കുന്നതുകൊണ്ടാണ് വനം സംരക്ഷിക്കപ്പെടുന്നതെന്നുമാണ് അവരുടെ സമീപനം. ആദിവാസികളും എന്റെ ഗവേഷണത്തെ നല്ലതുപോലെ പിന്തുണച്ചിട്ടുണ്ട്. എടുത്ത് പറയേണ്ടത് ചിന്നാറിലെ ഗോപാലന്റെ കാര്യമാണ്. എന്നെ ഏറ്റവുംകൂടുതൽ സഹായിച്ചത് ഗോപാലനായിരുന്നു. ഗോപാലന്റെ ചിത്രം എന്റെയൊരു ബുക്കിൽ ഞാൻ ഉപയോഗിച്ചിട്ടുണ്ട്.

**നാളുകളായി നടത്തുന്ന പശ്ചിമഘട്ട പഠനയാത്രകളിൽ കാണാൻ കഴിഞ്ഞ പ്രകടമായ മാറ്റങ്ങൾ എന്തെല്ലാമാണ്?**

ക്ലിയർ ഫെല്ലിംഗും സെലക്ഷൻ ഫെല്ലിംഗും നിയമം മൂലം നിർത്തലാക്കിയതോടെ വ്യാപകമായ മരം മുറി കുറയുകയും കാടിന്റെ സ്ഥിതി മെച്ചപ്പെടുകയും ചെയ്തതായാണ് എനിക്ക് കാണാൻ കഴിഞ്ഞത്. എത്രയേറെ മരങ്ങളാണ് അന്ന് മുറിച്ചുമാറ്റപ്പെട്ടത്. ഇന്ന് കാട്ടിൽ നിന്നും ആ രീതിയിൽ മരം മുറിക്കാൻ കഴിയില്ല. അതുപോലെ വേട്ടക്കാരുടെ എണ്ണം പശ്ചിമഘട്ട മേഖലയിൽ കുറഞ്ഞതായാണ് കാണാൻ കഴിയുന്നത്. കേഴയേയും മ്ലാവിനെയും ആനയേയും വരെ വെടിവയ്ക്കാൻ പോകുന്നവരെ പണ്ട് ഞാൻ നാട്ടിലെല്ലാം കണ്ടിട്ടുണ്ട്. ഇന്ന് അത്തരം ഗ്രൂപ്പുകളെല്ലാം ഇല്ലാതെയായി. അതിര് നീക്കിവച്ച് വനം കൈയ്യേറുന്നവരുടെ എണ്ണവും കുറഞ്ഞിട്ടുണ്ട്. വൻകിട കൈയ്യേറ്റക്കാരാണ് ഇപ്പോൾ പ്രശ്നം. നിയമം ശക്തമായതുകൊണ്ടോ വനംവകുപ്പിന്റെ പോലീസിംഗുകൊണ്ടോ മാത്രമല്ല ഈ മാറ്റങ്ങൾ പലതും സംഭവിച്ചത്. ജനങ്ങളുടെ സമീപനവും മാറിയിട്ടുണ്ട്. വിറകിന് വേണ്ടി കാടിനെ ആശ്രയിക്കുന്നവരുടെ എണ്ണം കാലക്രമേണ കുറഞ്ഞു. വിറക് ശേഖരിക്കുന്ന ഗ്രാമീണരീതിയിൽ നിന്നും നമ്മൾ മാറി. കാടിനോടുള്ള പൊതുസമൂഹത്തിന്റെ ആശ്രിതത്വം കുറയ്ക്കാൻ നഗരവത്കരണവും

അതിന്റെ ഭാഗമായി വന്ന ജീവിതശൈലിക ളും കാരണമായിട്ടുണ്ട്.

**ആദിവാസികളുടെ അവസ്ഥയോ?**

ആദിവാസികളുടെ അവസ്ഥ ചില സ്ഥല ങ്ങളിൽ മെച്ചപ്പെട്ടിട്ടുണ്ട്. ആദിവാസി മൂവ് മെന്റുകൾ അതിന് സഹായകമായിട്ടുണ്ട്. പ ക്ഷെ വളരെയേറെ സാധ്യതകളുള്ള വനാവ കാശ നിയമം പോലെയുള്ള കാര്യങ്ങളെ ക്കുറിച്ച് അവർ വേണ്ടത്ര ചർച്ച ചെയ്യുന്നി ല്ല. ആദിവാസി മൂവ്മെന്റുകൾ ഇപ്പോഴും പ്രാധാന്യം കൊടുക്കുന്നത് അന്യാധീനപ്പെ ട്ട ആദിവാസി ഭൂമി തിരിച്ചുപിടിക്കുക എന്ന മുദ്രാവാക്യത്തിനാണ്. വനാവകാശ നിയമം യാഥാർത്ഥ്യമാക്കാൻ അവരാണ് ശരിക്കും താത്പര്യമെടുക്കേണ്ടത്. വനം വകുപ്പോ ആദിവാസി വകുപ്പോ താത്പര്യമെടുക്കില്ല. തദ്ദേശസ്വയംഭരണ വകുപ്പിന് ഇതൊന്നും പരിചയമില്ല. രാഷ്ട്രീയപാർട്ടികൾക്കും അ തിന് താത്പര്യമുണ്ടാകില്ല. ആദിവാസിക ളെ ഉൾക്കൊള്ളാൻ കേരളത്തിലെ രാഷ്ട്രീ യ പാർട്ടികൾക്ക് കഴിഞ്ഞിട്ടില്ല. സി.പി.എം ആദിവാസികൾക്കായി സമിതിയെല്ലാം ഉ ണ്ടാക്കിയിട്ടുണ്ടെങ്കിലും ആദിവാസികൾ അവരോടൊപ്പമില്ല. ആദിവാസികൾ തൊഴി ലാളി വർഗ്ഗമല്ല. അവർക്ക് അവരുടേതായ സ്വത്വമുണ്ട്. തടിയേതര വനവിഭവ ശേഖര ണമാണ് അവരുടെ പ്രാഥമിക വരുമാന മാർഗ്ഗം. അതൊരു തൊഴിലല്ല. പാർട്ടി അഭി സംബോധന ചെയ്യുന്നത് തൊഴിലാളി വർ ഗ്ഗത്തെയാണ്. ആദിവാസികൾ ആ വർഗ്ഗ വിശകലനത്തിന് പുറത്താണ്. എന്നാൽ പ ട്ടികജാതിക്കാർ തൊഴിലാളി വർഗ്ഗമാണ്. അതുകൊണ്ടാണ് അവർ പാർട്ടിയോട് കൂടു തൽ അടുക്കുന്നത്. ആദിവാസികളെ പാർ ട്ടി പരിഗണിക്കാത്തതിനൊപ്പം അവർ പാർ ട്ടിയോട് അടുത്തില്ല എന്നതും വസ്തുതയാ ണ്.

മറ്റ് രാഷ്ട്രീയ കക്ഷികൾക്കും ആദിവാ സികളുടെ കാര്യത്തിൽ വേറിട്ട നിലപാടില്ല. ആദിവാസികൾ അദൃശ്യരാണ്. സമൂഹ ത്തിൽ കൂടുതൽ പ്രബലരാകാനുള്ള പണ മോ പവറോ അവർക്കില്ല. അതുകൊണ്ടുത ന്നെ കൂടുതൽ പണവും പവറുമുള്ള, പ്രബ ലരായ സർക്കാർ ഉദ്യോഗസ്ഥരുടെയും വ്യാപാരി വ്യവസായികളുടെയും സംഘടന കളുണ്ടാക്കാനാണ് രാഷ്ട്രീയ പാർട്ടികൾ ക്ക് കൂടുതൽ താത്പര്യം. എന്നാൽ കേരള ത്തിലെ സ്ഥിതി മെച്ചമാണെന്ന് പറയേണ്ടി വരും. ഇവിടെ ഒരു ആദിവാസി മന്ത്രിയെങ്കി ലുമുണ്ടല്ലോ. മറ്റ് പല സംസ്ഥാനങ്ങളിലും ആദിവാസികൾ ഇന്നും അടിമകളെപ്പോലെ പണിയെടുക്കുകയാണ്.

**സാമൂഹികശാസ്ത്ര ഗവേഷകൻ എന്ന നിലയിൽ കേരളത്തിന്റെ സമകാലിക ഗ വേഷണ മേഖലയെ താങ്കൾ എങ്ങനെ വിലയിരുത്തുന്നു? ഗവേഷണങ്ങളും പഠ നങ്ങളും എത്രത്തോളം നമ്മുടെ സാമൂഹി ക ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്?**

കേരളത്തിലെ ഗവേഷകർ അധികവും ഇ ന്ത്യയ്ക്ക് പുറത്ത് പല വിഷയങ്ങളിലും ഗ വേഷണം ചെയ്യുന്നതായി കാണാറുണ്ട്. കേരളത്തിനുള്ളിലും പല വിഷയങ്ങളിലും അവർ ഗവേഷണം നടത്തിയുണ്ടാകാം. എ ന്നാൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ ഗ വേഷണത്തിനായി തിരഞ്ഞെടുക്കുന്നവർ കുറവാണ്. കേരളം കഴിഞ്ഞാൽ പിന്നെ അ ന്തർദേശീയ തലത്തിലേക്കാണ് നമ്മുടെ ഗ വേഷകർ ഏറെയും പോകാറുള്ളത്. പ്ര യോഗത്തിൽ നിന്നും കാര്യങ്ങൾ ഗ്രഹിച്ച് തയ്യാറാക്കിയ മലയാളികളായ പല ഗവേഷ കരുടെയും പ്രബന്ധങ്ങളിലൂടെ ഞാൻ കട ന്നുപോയിട്ടുണ്ട്. പക്ഷെ അവയിൽ മിക്കവ യും കേരളം കഴിഞ്ഞാൽ ദേശാന്തരമായ ബൃഹദ് വിഷയങ്ങളിലേക്കാണ് പോകാറു ള്ളത്. ഗവേഷകർ പലരുടെയും ആത്മാർ ത്ഥതയും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അവർ മോശമാണെന്ന് പറയുന്നില്ല. പക്ഷെ ഡോ. സി.ആർ. സോമനെയോ ഡോ. ടി. ജി.കെ പണിക്കരെയോ പോലെ സാമൂഹി കമാറ്റങ്ങൾക്ക് കാരണഹേതുവായിത്തീരു ന്ന തരത്തിലുള്ള ഗവേഷണങ്ങൾ നടത്തു ന്നവർ ഇന്ന് കുറഞ്ഞിരിക്കുന്നു. ഗവേഷണ ത്തെ പിന്തുണയ്ക്കുന്ന സ്ഥാപനങ്ങൾ ആ വശ്യപ്പെടുന്നതിനനുസരിച്ച് സമയബന്ധിത മായി തീർക്കണമെന്നതും പലപ്പോഴും ഗ വേഷണങ്ങളുടെ നിലവാരം നഷ്ടപ്പെടുന്ന തിന് കാരണമാകുന്നുണ്ട്. സമയപരിധി പ്ര ശ്നമല്ലാത്ത സ്വതന്ത്രമായ ഗവേഷണങ്ങൾ ക്കാണ് കുറച്ചുകൂടി ആഴത്തിലേക്ക് പോ കാൻ കഴിയുന്നത്.

സാമൂഹികശാസ്ത്ര ഗവേഷണത്തിന്റെ കാര്യത്തിൽ കേരളം വളരെ പിന്നിലാണ്. പഠന വിഷയങ്ങളുടെ തിരഞ്ഞെടുപ്പിൽ സാമ്പത്തിക താത്പര്യത്തിന് മുൻഗണന ലഭിച്ചതോടെ സാമൂഹികശാസ്ത്ര വിഷയ മെടുക്കുന്നവരുടെ എണ്ണം ഗണ്യമായി കുറ ഞ്ഞു. ചരിത്രവും സാമൂഹികശാസ്ത്രവും സാമ്പത്തികശാസ്ത്രവുമെല്ലാം അപ്രധാന മായിത്തീർന്നു. പഠനത്തേക്കാളേറെ തൊ ഴിൽ പരിശീലനമാണ് നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്നത്. ■